**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2010** **04-02-2026 - ൽ മറുപടിയ്ക്ക്**

**പാലുല്പാദനവും ഗുണമേന്മയും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനും അയൽ സംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവരുന്ന പാലിന്റെ ഗുണമേന്മ ഉറപ്പാക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (എ) | സംസ്ഥാനത്ത് പാലുല്പാദനം വർദ്ധിപ്പിക്കുന്നതിന് ക്ഷീരവികസന വകുപ്പ് താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>• ഗ്രാമീണ വിജ്ഞാന വ്യാപന പ്രവർത്തനങ്ങളും ഉപദേശക സർവ്വീസും<br>• ക്ഷീരസഹകരണ സംഘങ്ങൾക്ക് സഹായം<br>• ക്ഷീരസഹകരണ സംഘങ്ങൾക്കുള്ള മൂലധന സഹായം<br>• ഗുണനിയന്ത്രണ ലാബുകളുടെ ശക്തിപ്പെടുത്തൽ<br>• മിൽക്ക് ഷെഡ് വികസന പദ്ധതി<br>• ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് & ആട്ടോമോഷൻ<br>• മിൽക്കിംഗ് മെഷീൻ<br>• കാലിത്തൊഴുത്ത് നിർമ്മാണം<br>• കാലിത്തീറ്റയ്ക്കുള്ള സബ്സിഡി<br>• തീറ്റപ്പുൽകൃഷി വ്യാപന പദ്ധതി (കൃഷിക്കാരുടെ ഭൂമിയിലും ക്ഷീരോല്പാദക സഹകരണ സംഘങ്ങളിലും കാലിത്തീറ്റ ഉല്പാദനവും സൂക്ഷിക്കലും)<br>• ക്ഷീരകർഷക ക്ഷേമനിധി ബോർഡിന് ഇൻഷ്വറൻസ് പദ്ധതിയ്ക്ക് ധനസഹായം<br>• വയനാട്ടിലെ ക്ഷീരവികസനത്തിനുള്ള ധനസഹായം<br><br>അയൽ സംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവരുന്ന പാലിന്റെ ഗുണമേന്മ ഉറപ്പാക്കുന്നതിനു രാജ്യത്തിനു തന്നെ മാതൃകയായി ക്ഷീരവികസന വകുപ്പിന്റെ കീഴിൽ അതിർത്തികളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന 3 സ്ഥിരം ചെക്പോസ്റ്റുകൾ (പാറശ്ശാല, ആര്യങ്കാവ്, മീനാക്ഷിപുരം) നിലവിൽ വന്നു. 3 റീജിയണൽ ലാബുകളും 14 ജില്ല ഗുണനിയന്ത്രണ ഓഫീസുകളും ഗുണമേന്മയുള്ള പാലുൽപാദനം സുരക്ഷിതമായ പാൽ, |

പാലുൽപ്പന്നങ്ങളുടേയും ഉപഭോഗം ഉറപ്പാക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു.

സ്റ്റേറ്റ് ഡയറി ലബോറട്ടറി അന്താരാഷ്ട്ര ഗുണനിലവാരമായ ISO/IEC 17025:2017 പ്രകാരമുള്ള എൻ.എ.ബി.എൽ (NABL) അക്രഡിറ്റേഷൻ ലഭിച്ച ഈ ലബോറട്ടറിയിൽ കെമിക്കലും മൈക്രോബയോളജി വിഭാഗങ്ങളിലുമായി 143 സ്കോപ്പുകൾ 590 പരാമീറ്ററുകൾ എന്നിവയ്ക്ക് അക്രഡിറ്റേഷൻ ലഭിച്ചിട്ടുണ്ട്. പാലിലേയും പാലുല്പന്നങ്ങളിലേയും FSSAI പ്രകാരമുള്ള പരിശോധനകളും, വെള്ളത്തിൽ IS 10500, IS 14543 എന്നിവ പ്രകാരമുള്ള പരിശോധനകളും കാലിത്തീറ്റയിൽ IS 2052 പ്രകാരമുള്ള പരിശോധനകളും ചെയ്യുന്നുണ്ട്. ഇതു കൂടാതെ ക്ഷീര സംഘങ്ങളിലെയും ജില്ല ഗുണനിയന്ത്രണ ഓഫീസുകളിലേയും പരിശോധനയ്ക്കായി ഉപയോഗിക്കുന്ന ഗ്ലാസ്സുപകരണങ്ങളുടെ കാലിബ്രേഷനും ഉദ്യോഗസ്ഥർക്ക് വിവിധ പരിശീലനങ്ങളും ലബോറട്ടറിയുടെ സേവനങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി ക്ഷീരകർഷകരുടെയും അതുവഴി ക്ഷീരമേഖലയുടെയും ഉന്നമനത്തിനായി സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾക്കു സമാന്തരമായിത്തന്നെ മിൽമ തുടങ്ങിവച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

- ക്ഷീരകർഷകർക്ക് ലളിതമായ വ്യവസ്ഥയിൽ കേരള ബാങ്കിലൂടെ 3 ലക്ഷം രൂപ വരെ കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുന്ന "ക്ഷീരമിത്ര" വായ്പാ പദ്ധതി നടപ്പിലാക്കുന്നതിനായി മിൽമയും കേരളാ ബാങ്കുമായി ധാരണാപത്രം ഒപ്പുവയ്ക്കുകയും അതിനുള്ള അനുബന്ധ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുകയും ചെയ്യുന്നു.
- കർഷകരുടെ ഉൽപ്പാദനചെലവ് കുറയ്ക്കുന്നതിലേക്കായി വർഷത്തിലുടനീളം (12 മാസവും) ഫെഡറേഷനും മേഖലാ യൂണിയനുകളും ചേർന്ന് കാലിത്തീറ്റയ്ക്ക് അനുവദിച്ചു വരുന്ന സബ്സിഡി.
- കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന ഉൽപ്പാദനക്കുറവിനാൽ ഉണ്ടാകുന്ന സാമ്പത്തിക നഷ്ടം പരിഹരിക്കുന്നതിനായി കാലാവസ്ഥാ അധിഷ്ഠിത ഇൻഷുറൻസ്

പദ്ധതി മേഖലാ യൂണിയനുകൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ക്ഷീരസംഘങ്ങളിൽ പാൽ നൽകുന്ന ക്ഷീരകർഷകരെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തുകൊണ്ട് തിരുവനന്തപുരം മേഖലാ യൂണിയൻ 28.83 ലക്ഷം രൂപയും, എറണാകുളം മേഖലാ യൂണിയൻ 3.78 ലക്ഷം രൂപയും, മലബാർ മേഖലാ യൂണിയൻ 23.07 ലക്ഷം രൂപയും 2024-25 സാമ്പത്തിക വർഷത്തിൽ അടവാക്കിയിട്ടുണ്ട്.

- കേരളാബാങ്ക്, വ്യവസായ വാണിജ്യ വകുപ്പ്, കേരള ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്, കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ, ക്ഷീരവികസന വകുപ്പ് എന്നീ വിവിധ വകുപ്പുകൾ നടപ്പിലാക്കി വരുന്ന വായ്പാ പദ്ധതികൾ സംബന്ധിച്ച് അതാത് വകുപ്പ് പ്രതിനിധികളുമായി വിശദമായി ചർച്ച നടത്തുകയും, അവയിൽ നിന്നും മിൽമയ്ക്ക് അനുയോജ്യമായവ കണ്ടെത്തി, അതിന്റെ വിശദാംശങ്ങൾ സർക്കുലർ രൂപത്തിൽ, മേഖലാ യൂണിയനുകൾക്കു കീഴിലുള്ള സംഘങ്ങൾ വഴി കർഷകർക്കിടയിൽ എത്തിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. ക്ഷീരവൃത്തി ഉപജീവനമാക്കിവവർക്ക് ഈ വായ്പാ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കൂടുതൽ വളർച്ച കൈവരിക്കാനും, പുതിയ ആൾക്കാരെ ഈ മേഖലയിലേക്ക് കൊണ്ടുവരുന്നതിനും ആയതിലൂടെ ക്ഷീരമേഖലയിൽ പുത്തൻ ഉണർവ് കൊണ്ടുവരുവാനും കഴിയുമെന്ന് പ്രത്യാശിക്കുന്നു.
- മിൽമ മേഖലാ യൂണിയനുകളുടെ സ്ഥിരം നിയമനങ്ങളിൽ ക്ഷീര കർഷകർക്കും അവരുടെ ആശ്രിതർക്കും, മേഖലാ യൂണിയന്റെ റിക്രൂട്ട്മെന്റ് & പ്രൊമോഷൻ റൂൾസിന് വിധേയമായിട്ടുള്ള വിദ്യാഭ്യാസ യോഗ്യതയുടെയും, പ്രവൃത്തി പരിചയത്തിന്റെയും അടിസ്ഥാനത്തിൽ, മുൻഗണന (weightage) അനുവദിക്കുന്നത് സംബന്ധിച്ച് ദീർഘകാലമായുള്ള മേഖലായൂണിയനുകളുടെ ആവശ്യം സർക്കാർ അംഗീകരിച്ചുകൊണ്ട് തത്വത്തിൽ അനുമതി നൽകി ഉത്തരവ് പുറത്തിറക്കിയിട്ടുണ്ട്. മിൽമയുടെ മലബാർ, എറണാകുളം,

| | | | |
|---|---|---|---|
| | | | തിരുവനന്തപുരം മേഖലായൂണിയനുകളിലെ സ്ഥിര നിയമനങ്ങളിലാണ് സംവരണം പ്രാബല്യത്തിൽ വരിക. ഇത് ക്ഷീരമേഖലയിലേക്ക് കൂടുതൽ ആളുകളെ ആകർഷിക്കുന്നതിനും അതുവഴി ക്ഷീരമേഖല ശക്തി പ്രാപിക്കുന്നതിനും സഹായകമാകുന്നതോടൊപ്പം തന്നെ, ഈ മേഖലയിലേക്ക് പുതിയ തലമുറ എത്തുന്നില്ല എന്ന പ്രശ്നത്തിനും ഒരു പരിധി വരെ പരിഹാരമാകുന്നതാണ്.<br><br>മിൽമ, അയൽ സംസ്ഥാന ഫെഡറേഷനുകളിൽ നിന്ന് എത്തിക്കുന്ന പാൽ മിൽമയുടെ ഡയറികളിൽ കർശനമായ ഗുണനിലവാര പരിശോധനകൾ നടത്തിയ ശേഷമാണ് സ്വീകരിക്കുന്നത്. ഇത്തരത്തിൽ ഗുണപരിശോധന മാനദണ്ഡങ്ങൾ പാലിച്ച്, ഗുണനിലവാരം ഉറപ്പ് വരുത്തിയ പാൽ മാത്രമേ മിൽമ വിപണിയിൽ എത്തിക്കുന്നുള്ളൂ. കൂടാതെ, മിൽമയുടെ കീഴിൽ പ്രവർത്തിക്കുന്ന എല്ലാ ഡയറികളും ഐ.എസ്.ഒ. സർട്ടിഫൈഡ് ആണ്. ജി.എം.പി കൃത്യമായി പാലിക്കുന്ന ഡയറികളെല്ലാം തന്നെ കാര്യക്ഷമമായി പ്രവർത്തിക്കുന്നവയാണ്. |

സെക്ഷൻ ഓഫീസർ